# CIRCULAR

**117/NSS/DHSE/2012** **03/08/2012**

ഹയർസെക്കൻഡറി നാഷനൽ സർവ്വീസ് സ്കീം 2012-13 പരിസ്ഥിതി വർഷമായി ആചരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. ആയതിന്റെ ഭാഗമായി ഹയർസെക്കൻഡറി ഡയറക്ടറേറ്റിന്റെയും സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പരിസ്ഥിതി മേഖലയിൽ വൈവിധ്യമാർന്ന ഗവേഷണ, പഠന,കർമ്മ പ്രവർത്തനങ്ങളും ബോധവത്കരണ-പ്രചാരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

യുണൈറ്റഡ് നേഷൻസ് ഓർഗനൈസേഷന്റെ മില്ലേനിയം ഡവലപ്മെന്റ് ഗോളുകൾക്കും നമ്മുടെ പഞ്ചവത്സര പദ്ധതികൾക്കും ഊന്നൽനൽകി പരിസ്ഥിതി മേഖലയിൽ ഹയർസെക്കൻഡറി നാഷനൽ സർവ്വീസ് സ്കീം നടപ്പിലാക്കിവരുന്ന ദീർഘകാല പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും UNDP,UNEP മുതലായ ലോകോത്തര സംഘടനകൾ നടത്തുന്ന ആഗോള പരിസ്ഥിതി സമ്മേളനങ്ങളിലെ കണ്ടെത്തലുകളും തിരുത്തലുകളും ഫലപ്രദമായി നടപ്പിലാക്കുന്നതിൽ സംസ്ഥാനത്തെ യുവജനങ്ങളുടെ പങ്ക് നിർവ്വഹിക്കപ്പെടുന്നതിന് ശക്തമായ നേതൃത്വം നൽകുകയുമാണ് പദ്ധതിയിലുടെ നാഷനൽ സർവ്വീസ് സ്കീം വിഭാവനം ചെയ്യുന്നത്.

പരിസ്ഥിതിപോലുള്ള സാർവ്വലൗകീക വിഷയങ്ങളെയും അതാതു പ്രദേശങ്ങളുടെ വികസന സങ്കൽപ്പങ്ങളെയും സമഗ്രതയോടെ നോക്കികണ്ട് സുസ്ഥിരമായ വികസനത്തിനായി പ്രോത്സാഹന/പരിഹാരപ്രവർത്തനങ്ങളിൽ പങ്കാളികളായി കരുതലോടെ മുന്നോട്ട് നീങ്ങുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മുഴുവൻ അദ്ധ്യാപകരും യുവവിദ്യാർത്ഥികളും ജനപ്രതിനിധികളോടൊപ്പം ജാഗ്രത പാലിക്കേണ്ടതുണ്ട്.

പരിസ്ഥിതി വിജ്ഞാനം ഗ്രാമങ്ങളിലേക്ക് എന്ന ലക്ഷ്യത്തിലൂന്നി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് നടപ്പിലാക്കിവരുന്ന ''ഹരിതസ്പർശം'' പദ്ധതിയുമായി നാഷനൽ സർവ്വീസ് സ്കീം കൈകോർക്കുന്നു.കേരളം നേരിടുന്ന ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങളിൽ വ്യവസ്ഥാപിതവും ശാസ്ത്രീയവുമായ ഇടപെടലുകൾ നടത്തുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുവാൻ പര്യാപ്തമായ പരിശീലന പരിപാടികൾ, ഗവേഷണ, പഠന പദ്ധതികൾ, അർത്ഥപൂർണ്ണമായ കർമ്മ പദ്ധതികൾ സമഗ്രമായ ബോധവത്കരണ പ്രചരണ പരിപാടികൾ തുടങ്ങിയവ രൂപപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കുവാനാണ് ഈ സംയുക്ത സംരംഭം ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ യൂണിറ്റ്,ക്ളസ്റ്റർ,ജില്ല,മേഖല,സംസ്ഥാന തലങ്ങളിൽ നിർവ്വഹിക്കപ്പെടേണ്ടതായ പ്രവർത്തനങ്ങളുടെയും പരിശീലന പരിപാടികളുടെയും വിശദാംശങ്ങൾ തുടർന്ന് അറിയിക്കുന്നതാണ്.നിർദിഷ്ട യൂണിറ്റ്തല പ്രവർത്തനങ്ങൾ സമൂഹനന്മ മുൻനിർത്തിയും വിദ്യാർത്ഥി കേന്ദ്രീകൃതമായും അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായ രീതിയിലും യുവജനങ്ങളിലെ സേവനസന്നദ്ധത പരിപോഷിപ്പിച്ചും ദേശീയതക്ക് ഊന്നൽ നൽകിയും നടപ്പിലാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച പരിസ്ഥിതി പദ്ധതിക്ക് അനുയോജ്യമായ പേര്,പദ്ധതി പ്രചാരണാർത്ഥം തയ്യാറാക്കേണ്ട A4 ഷീറ്റിൽ വാട്ടർ കളറിലോ ഇൻഡ്യൻ ഇങ്കിലോ തയ്യാറാക്കിയ ലോഗോ,12 വരിയിൽ കവിയാത്ത പരിസ്ഥിതി സന്ദേശ ഗാനം തുടങ്ങിയവ വിദ്യാർത്ഥികളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ക്ഷണിക്കുന്നു.എൻട്രികൾ നാഷനൽ സർവ്വീസ് സ്കീം ഡിസ്ട്രിക്റ്റ് കൺവീനർമാർക്ക് **ആഗസ്റ്റ് 14**ന് മുൻപ് കിട്ടത്തക്കവിധം തപാലിൽ അയയ്ക്കേണ്ടതാണ്. ജില്ലാ കൻവീനർമാരുടെ അഡ്രസ് ഇതോടൊപ്പം ചേർക്കുന്നു. പ്രതിഭകൾക്കായി ജില്ലാതലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നതോടൊപ്പം ആകർഷകമായ രചനകൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ഒപ്പ്**
**ഡയറക്ടർ**

# *LIST OF DISTRICT CONVENORS 2012-13*

| Sl No. | NAME OF PERSON | DISTRICT | NAME OF SCHOOL | Contact No |
|---|---|---|---|---|
| 1 | Thomas K Stephen<br>nsstvm039@gmail.com | Trivandrum | Govt. HSS, Mylachal | 94470716611 |
| 2 | Sreenivasan S<br>sreenivasan7@gmail.com | Kollam | Govt. HSS, Kuzhimathicadu | 9388862688 |
| 3 | Varghese Mathew Tharakan<br>nssdcpta@gmail.com | Pathanamthitt<br>a | Abraham MM HSS,<br>Edayaranmula | 9446617091 |
| 4 | Biju K V | Alappuzha | NS HSS, Nedumudy | 9447409976 |
| 5 | Alby Anto<br>Albyanto1@gmail.com | Kottayam | J J Murphy HSS, Kottayam | 9495164552 |
| 6 | Rajan Thomas<br>rajanhsst@yahoo.com | Idukki | SNV HSS, NRCity, | 9446719933 |
| 7 | Vinod T N<br>vinodthalachirayil@gmail.com | Eranakulam | SN HSS, Thrikkannarvattom | 9447914686 |
| 8 | M Sudheer<br>gmbhssijk@gmail.com<br>venguvendra@yahoo.com | Thrissur | Govt. Model HSS, Irinjalakkuda | 9446904351 |
| 9 | Sanu K Sugathan<br>sksanu@gmail.com | Palakkad | TRK HSS, Vaniyamkulam, | 9495679229 |
| 10 | Mohammed Ashraf K<br>ashrafemea@gmail.com | Malappuram | Govt. HSS, Kottappuram | 9447358867 |
| 11 | K C Fasalul Haque | Kozhikode | Markaz HSS, Karanthur | 9447021350 |
| 12 | Jose P T<br>joseptwayanad@gmail.com | Wayanad | Govt. HSS, Meenangad | 9447849716 |
| 13 | Thomas PV<br>aralamghss@gmail.com | Kannur | Govt. HSS, Aralam | 9447368693 |
| 14 | Manoj Kumar K K<br>Nsskgd362@gmail.com | Kasaragod | Govt. HSS, Pilicode | 9446070832 |